## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1233

13.12.2012 ൽ മറുപടി നൽകേണ്ടിയിരുന്നത്

## കോഴിക്കോട് ജില്ലയിലെ കിനാലൂർ എസ്റ്റേറ്റ്

ചോദ്യം
ശ്രീ.പുരുഷൻ കടലുണ്ടി

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | കോഴിക്കോട് ജില്ലയിലെ കിനാലൂർ എസ്റ്റേറ്റ് വിൽപന നടത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) | കിനാലൂർ എസ്റ്റേറ്റ്, കൊച്ചിൻ മലബാർ എസ്റ്റേറ്റ് & ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതാണ്. ആയത് വിൽക്കാൻ വേണ്ടി കമ്പനി 2002 ൽ പബ്ലിക്ക് നോട്ടീസ് ഇഷ്യു ചെയ്തതായും ഏറ്റവും കൂടുതൽ വാഗ്ദാനം ചെയ്ത ശ്രീ.പി.കെ.സി അഹമ്മദ് കുട്ടിക്ക് എസ്റ്റേറ്റ് വിൽക്കാൻ തീരുമാനിക്കുകയും തുടർന്ന് കമ്പനിയും ശ്രീ.പി.കെ.സി അഹമ്മദ് കുട്ടിയുമായി 27.7.2003 ന് മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് ഒപ്പു വച്ചിട്ടുള്ളതായും അറിയുന്നു. എന്നാൽ ഭൂമി കൈമാറി കൊണ്ടുള്ള രജിസ്ട്രേഷൻ നടപടികൾ നടന്നിട്ടില്ല. |
| ബി) | കിനാലൂർ എസ്റ്റേറ്റിന് എത്ര ഏക്കർ ഭൂമിയുണ്ടെന്ന് വെളിപ്പെടുത്താമോ; എസ്റ്റേറ്റിലെ മരങ്ങൾക്ക് കണക്കാക്കപ്പെട്ട വില എത്രയാണ്; | ബി) | കിനാലൂർ എസ്റ്റേറ്റിന് കോഴിക്കോട് ജില്ലയിൽ കോഴിക്കോട്, കൊയിലാണ്ടി എന്നീ താലൂക്കുകളിലായി ഏകദേശം 2500 ഏക്കറിലധികം ഭൂമി കൈവശത്തിലുണ്ട്. എസ്റ്റേറ്റിലെ മരങ്ങളുടെ വില കണക്കാക്കപ്പെട്ടിട്ടില്ല. |
| സി) | കിനാലൂർ എസ്റ്റേറ്റ് വിൽപന നടത്താനുള്ള സാഹചര്യം എന്തായിരുന്നു; | സി) | കിനാലൂർ എസ്റ്റേറ്റ് കൊച്ചിൻ മലബാർ എസ്റ്റേറ്റ് & ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളതാണ്. ആയത് സർക്കാരിതര സ്ഥാപനമാകയാൽ വിൽപ്പന നടത്താൻ തീരുമാനിച്ച സാഹചര്യം സംബന്ധിച്ച വിവരം സർക്കാരിൽ ലഭ്യമല്ല. |
| ഡി) | റവന്യൂ വകുപ്പിനു കീഴിലുള്ള മറ്റേതെങ്കിലും എസ്റ്റേറ്റുകളോ; ഭൂമിയോ വിൽപന നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം? | ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ